(ബി) സാമ്പത്തിക വർഷം	വിനിയോഗിച്ച തുക *(രൂപയിൽ)*
2001-02	69,26,87,119
2002-03	82,88,91,543
2003-04	170,42,78,330
2004-05	126,74,47,911
2005-06	64,53,71,859 (31-1-06 വരെ)

കപ്പാർട്ടിന്റെ സഹായത്തോടെയുള്ള പദ്ധതികൾ

25(1499) ശ്രീ. ടി. എം. ജേക്കബ്:

ശ്രീ. ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കപ്പാർട്ടിന്റെ സഹായത്തോടെ ഈ ധനകാര്യവർഷം (2005-2006) സംസ്ഥാനത്ത് എത്ര പദ്ധതികൾക്ക് കേന്ദ്ര സർക്കാരിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ പദ്ധതികൾ ഏതെല്ലാം; ഓരോന്നിന്റെയും ആകെ തുക എത്ര;

(സി) കപ്പാർട്ടിന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് സന്നദ്ധസംഘടനകളുടെ കോൺഫെഡറേഷൻ രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) എങ്കിൽ ഇതിന്റെ ഘടന എന്തെന്ന് വ്യക്തമാക്കുമോ;

(ഇ) ഇതിൽ സംസ്ഥാന ഗ്രാമവികസന വകുപ്പിന്റെ പങ്ക് വ്യക്തമാക്കാമോ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

ഭാരത് നിർമ്മാൺ പദ്ധതി

26(1500) ശ്രീ. കെ. സുധാകരൻ:

ഡോ. എം. എ. കുട്ടപ്പൻ:

ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ഭാരത് നിർമ്മാൺ പദ്ധതി പ്രകാരമുള്ള ഗ്രാമീണ അടിസ്ഥാന സൗകര്യവികസന പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം പദ്ധതികളാണ് സംസ്ഥാനത്ത് ഇതനുസരിച്ച് രൂപം കൊടുത്തിട്ടുള്ളതെന്ന് പറയുമോ;

(സി) ഇതിനുവേണ്ടി എത്ര തുകയുടെ നിക്ഷേപം ആവശ്യമായി വരും എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഗ്രാമവികസന വകുപ്പിൽ നിന്നും ഭവന നിർമ്മാണവും റോഡുകളുടെ പുനരുദ്ധാരണവുമാണ് ഏറ്റെടുത്ത് നടത്തുന്നത്.

(സി) കണക്കാക്കിയിട്ടില്ല.

എസ്.ജി.ആർ.വൈ. ഫണ്ട് വിതരണം

27(1501) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് എസ്.ജി.ആർ.വൈ. ഫണ്ട് വിതരണത്തിന്റെ (സ്പെഷ്യൽ) വിശദവിവരം ലഭ്യമാക്കാമോ;

(ബി) സുനാമി ദുരിതാശ്വാസ പ്രവർത്തനത്തിന് എത്ര ടൺ അരിയാണ് തൃശ്ശൂർ ജില്ലയിൽ വിതരണം ചെയ്തത് എന്നും അവ എന്തെല്ലാം പ്രവർത്തികൾക്കാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) 2004-2005-ൽ 150 ലക്ഷം രൂപയാണ് സുനാമി ദുരിതാശ്വാസമായി അനുവദിച്ചിട്ടുള്ളത്.

1. കൊല്ലം	-	50 ലക്ഷം
2. കണ്ണൂർ	-	25 ലക്ഷം
3. എറണാകുളം	-	25 ലക്ഷം
4. ആലപ്പുഴ	-	25 ലക്ഷം
5. തിരുവനന്തപുരം	-	25 ലക്ഷം
ആകെ	-	150 ലക്ഷം

GPM.2/571/2015—10

LIBRARY ARCHIVES Kerala Legislative Assembly